# കവിത - Dr.Indulal G

ഇന്നങ്ങെഴുതും കവിതകളൊക്കെയും
വ്യർത്ഥമാം കേവലം വാക്കല്ലയോ
ഏകാന്തസായൂജ്യമൊന്നതല്ലാതെയീ
അക്ഷരക്കൂട്ടിന്നൊരർത്ഥമുണ്ടോ?
ആകവേ ഗർജിച്ചുവീണുറങ്ങീടുവാ
നല്ലാതെയെന്താണതിന്നുയോഗം?
ഏതോവഴിക്കു കിതച്ചുപറന്നുപോം
പറവയ്ക്കുതുല്യമല്ലീക്കവിത?
അക്ഷമയേറുന്നയൂഴിയിലെന്തിനീ
ക്ഷണികാക്ഷരത്തിൻ നടനതാളം?
പ്രിയമുള്ളൊരാളെന്റെ കവിതയെപ്പറ്റിയീ
മട്ടിലിന്നെന്നോടുചോദിക്കവേ
ഇത്രയുമല്ലാതെ മറ്റെന്തുരയ്ക്കുവാൻ
'നീ ചൊന്നതത്രയും സത്യമത്രേ"
എങ്കിലും തൂലികത്തുമ്പിനാൽ സ്നേഹത്തെ
ഉള്ളുരുക്കുന്നതാമാർദ്രതയേ
കോപതാപങ്ങളെ, തുച്ഛമാമാശയെ
ഇല്ലവല്ലായ്മതന്നേക്കങ്ങളെ
സത്യബോധത്തിന്റെ ലാവാപ്രവാഹത്തെ
അൻപിന്റെ തേനോലുമീരടിയെ
വാക്കിന്റെ തേരിലൊന്നേറ്റിനിന്നീടുവാൻ
ഉൾഭാരമൊന്നങ്ങിറക്കിവെയ്ക്കാൻ
കാണാക്കിനാവിന്റെയേഴിലംപാലയിൽ
നീലനിലാവിലഭിരമിയ്ക്കാൻ
നവ്യാനുഭൂതിതൻ തേരേറിയങ്ങനെ
പാഴ്ക്കിനാവൊക്കെയും തങ്കമാക്കാൻ
അപരന്റെയാമുഖത്തൊരുമാത്രയെങ്കിലീ
പുഞ്ചിരിക്കൊത്തിന്നു ഹേതുവാകാൻ
നീതിക്കുവേയിരക്കുന്നവർക്കൊരു
വാക്കിന്റെ പിൻബലമായിനില്ക്കാൻ
പടുകുഴിക്കപ്പുറം വീണുപോയുള്ളോർക്കു
കൈനീട്ടിയാശ്വാസമായിമാറാൻ
പിന്നെയും പിന്നെയും കവിതയൊന്നല്ലാതെ
മറ്റൊരാളാരാണെനിക്കു സ്വന്തം?